ഭരണഭാഷ-മാതൃഭാഷ

ജില്ലാ കളക്ടറേറ്റ്, മലപ്പുറം
സിവിൽ സ്റ്റേഷൻ ,പിൻ:676505
ഫോൺ : 0483 2739575, ഫാക്സ് : 0483 2730010
ഇമെയിൽ: dcm.ker@nic.in

**മലപ്പുറം ജില്ലാ മജിസ്ട്രേട്ട് & ജില്ലാ കലക്ടർ -ന്റെ നടപടിക്രമം**
(ഹാജർ :- കെ. ഗോപാലകൃഷ്ണൻ.ഐ.എ.എസ്.)

വിഷയം:- കോവിഡ് 19 (കൊറോണ വൈറസ് )വ്യാപനം രണ്ടാം ഘട്ടം - രോഗ വ്യാപനം തടയുന്നതിനും, കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിനും- ഉയർന്ന രോഗവ്യാപന നിരക്കുള്ള തദ്ദേശ സ്വയം ഭരണ പരിധികളിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി CrPC 144 വകുപ്പ് പ്രകാരം നിരോധനാജ്ഞ നടപ്പിൽ വരുത്തിയും കാലപരിധി ദീർഘിപ്പിച്ചും ഉത്തരവാകുന്നു.

സൂചന:- (1) 21/03/2020 തിയ്യതിയിലെ ജി.ഒ.(എം.എസ്) 48/2020 ജിഎഡി നമ്പർ സർക്കാർ ഉത്തരവ്
2.19/04/2021 തിയ്യതിയിലെ ജി .ഒ.(ആർ.ടി) 375/2021/ഡിഎംഡി നമ്പർ സർക്കാർ
ഉത്തരവ്
3.മലപ്പുറം ജില്ലാ മജിസ്ട്രേട്ടിന്റെ 20/04/2021 തിയ്യതിയിലെ ഡിസിഎംപിഎം/
4467/2021-ഇ 6 നമ്പർ ഉത്തരവ്
4..മലപ്പുറം ജില്ലാ മജിസ്ട്രേട്ടിന്റെ 22/04/2021 തിയ്യതിയിലെ ഡിസിഎംപിഎം/
467/2021-ഇ 6 നമ്പർ ഉത്തരവ്
5.മലപ്പുറം ജില്ലാ മജിസ്ട്രേട്ടിന്റെ 26/04/2021 തിയ്യതിയിലെ ഡിസിഎംപിഎം/
4467/2021-ഇ 6 നമ്പർ ഉത്തരവ്
6.മലപ്പുറം ജില്ലാ മജിസ്ട്രേട്ടിന്റെ 29/04/2021 തിയ്യതിയിലെ ഡിസിഎംപിഎം/
4467/2021-ഇ 6 നമ്പർ ഉത്തരവ്
7.ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്ന് 30/04/2021 തിയ്യതിയിൽ ലഭ്യമായ ടെസ്റ്റ് പോസിറ്റിവിറ്റി റിപ്പോർട്ട്

**ഉത്തരവ് നമ്പർ : ഡിസിഎംപിഎം/4467/2021-ഇ 6 തിയ്യതി :30/04/2021**

********************

കോവിഡ് 19(കൊറോണ വൈറസ്) രോഗത്തിന്റെ രണ്ടാം ഘട്ട വ്യാപനം സംസ്ഥാനത്ത് നിയന്ത്രണാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മലപ്പുറം ജില്ലയിലും പ്രതിദിനം 3900 കേസുകളിൽ അധികം സ്ഥിരീകരിക്കപ്പെടുന്നതായും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിലും ഉയർന്ന നിലയിൽ ആണെന്നും ഏഴാം

പരാമർശ പ്രകാരം ബോധ്യമായിട്ടുള്ളതാണ്.

മാർച്ച് മാസത്തിൽ മൂന്ന് ശതമാനത്തിൽ താഴെയുണ്ടായിരുന്ന ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് നിലവിൽ 30 ശതമാനത്തിന് മുകളിലും , ചില തദ്ദേശ സ്വയം ഭരണ പരിധികളിൽ 50 ശതമാനത്തിനും മുകളിൽ ആണെന്നും നിലവിലെ പ്രതിദിന കണക്കുകളിൽ നിന്ന് ബോധ്യമായിട്ടുള്ളതും, ആയത് നിയന്ത്രണാതീതമായി ഉയരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ആരോഗ്യ വകുപ്പിന് ഇതിനെതിരായ പ്രതിരോധ / നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കാതെ വരുന്ന അവസ്ഥ ജില്ലയിൽ സംജാതമാകും എന്നും വിലയിരുത്തിയിട്ടുള്ളതുമാണ്.

ഈ വർദ്ധനവ് ഭൂരിപക്ഷവും സമ്പർക്കത്തിലൂടെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. പൊതുസ്ഥലങ്ങളിൽ ആളുകൾ കൂട്ടം ചേരുന്നതിനും സമ്മേളിക്കുന്നതിനും കർശന നിയന്ത്രണം ഏർപ്പെടുത്തിയാൽ മാത്രമേ സമ്പർക്കം മൂലമുള്ള രോഗവ്യാപനം തടയുന്നതിനും അതുവഴി ആരോഗ്യ വകുപ്പിന് രോഗത്തിനെതിരായ പ്രതിരോധ/ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കൃത്യമായി സാധിക്കുകയുള്ളൂ എന്നും ഇതിനാൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ കോവിഡ് 19-ന്റെ ജില്ലയിലെ വ്യാപനത്തോത് നിയന്ത്രണാതീതമായാൽ ആരോഗ്യ വകുപ്പിന് ഇതിനെതിരായ പ്രതിരോധ / നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കാതെ വരുന്ന അവസ്ഥ ജില്ലയിൽ സംജാതമാകും എന്നുള്ള സവിശേഷ സാഹചര്യം വിലയിരുത്തി, സമ്പർക്കം മൂലമുള്ള രോഗവ്യാപനം തടയുന്നതിന് കർശന നടപടികൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, മലപ്പുറം ജില്ലയിൽ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിന് മുകളിൽ കാണപ്പെട്ട, 38 തദ്ദേശ സ്വയം ഭരണ പരിധികളിൽ മൂന്ന് മുതൽ അഞ്ച് വരെയുള്ള പരാമർശങ്ങൾ പ്രകാരം 30/04/2021 വരെയും 17 തദ്ദേശ സ്വയം ഭരണ പരിധികളിൽ ആറാം പരാമർശ പ്രകാരം 14/05/2021 വരെയും CrPC 144 വകുപ്പ് പ്രകാരം നിരോധനാജ്ഞ നടപ്പിൽ വരുത്തി ഉത്തരവായിട്ടുള്ളതാണ്.

ജില്ലാ മെഡിക്കൽ ആഫീസറിൽ നിന്ന് പരാമർശം ഏഴ് പ്രകാരം ലഭ്യമായ ടെസ്റ്റ് പോസിറ്റിവിറ്റി റിപ്പോർട്ടിൽ മലപ്പുറം ജില്ലയിൽ 53 തദ്ദേശ സ്വയം ഭരണ പരിധികളിൽ സഞ്ചിത ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിന് മുകളിൽ കാണപ്പെട്ടിട്ടുള്ളതിനാൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

**ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാനും ജില്ലാ മജിസ്ട്രേട്ടുമായ കെ ഗോപാലകൃഷ്ണൻ ഐ.എ.എസ്. എന്ന ഞാൻ, എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ക്രിമിനൽ നിയമ നടപടി സംഹിതയിലെ 144-ാം വകുപ്പ് പ്രകാരം താഴെ വിവരിക്കും വിധം നിരോധനാജ്ഞ നടപ്പിൽ വരുത്തി ഉത്തരവാകുന്നു.**

**ഉത്തരവ്**

1. താഴെ പറയുന്ന 6 തദ്ദേശ സ്വയം ഭരണ പരിധികളിൽ സഞ്ചിത ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിന് മുകളിൽ കാണപ്പെടുന്നതിനാൽ 01/05/2021 രാത്രി 9.00 മണി മുതൽ 14/05/2021 വരെ നിരോധനാജ്ഞ ഏർപ്പെടുത്തി ഉത്തരവാകുന്നു.

| | |
|---|---|
| 1 | എടരിക്കോട് |
| 2 | ഒഴൂർ |
| 3 | കരുളായി |
| 4 | കാവന്നൂർ |
| 5 | മക്കരപ്പറമ്പ |
| 6 | മൂത്തേടം |

**2.**മൂന്ന് മുതൽ അഞ്ച് വരെയുള്ള പരാമർശങ്ങൾ പ്രകാരം നിരോധനാജ്ഞ നടപ്പിൽ വരുത്തി ഉത്തരവായിട്ടുള്ള, തദ്ദേശ സ്വയം ഭരണ പരിധികളിൽ, ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ശതമാനത്തിന് മുകളിൽ കാണപ്പെട്ട, താഴെ പറയുന്ന 32 തദ്ദേശ സ്വയം ഭരണ പരിധികളിൽ, നിരോധനാജ്ഞ 14/05/2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| 1 | ആലംകോട് |
| 2 | ഉർങ്ങാട്ടിരി |
| 3 | ഊരകം |
| 4 | എടവണ്ണ |
| 5 | കണ്ണമംഗലം |
| 6 | കൽപ്പകഞ്ചേരി |
| 7 | കാളികാവ് |
| 8 | കീഴപറമ്പ |
| 9 | കുഴിമണ്ണ |
| 10 | കൊണ്ടോട്ടി |
| 11 | ചീക്കോട് |
| 12 | ചെറുകാവ് |
| 13 | ചേലമ്പ്ര |
| 14 | താനാളൂർ |

| | |
|---|---|
| 15 | തിരുനാവായ |
| 16 | തിരുവാലി |
| 17 | നന്നമ്പ്ര |
| 18 | പള്ളിക്കൽ |
| 19 | പുളിക്കൽ |
| 20 | പുറത്തൂർ |
| 21 | പെരുവള്ളൂർ |
| 22 | പോരൂർ |
| 23 | മംഗലം |
| 24 | മുതുവല്ലൂർ |
| 25 | മൂന്നിയൂർ |
| 26 | മൊറയൂർ |
| 27 | വണ്ടൂർ |
| 28 | വളവന്നൂർ |
| 29 | വാഴയൂർ |
| 30 | വെട്ടം |
| 31 | വെളിയങ്കോട് |
| 32 | വേങ്ങര |

**3.** പരാമർശം ആറ് പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും മുകളിൽ ചേർത്തിട്ടുള്ള ഉത്തരവ് 1, 2 പ്രകാരം നിയന്ത്രണങ്ങൾ പുതുതായി ഏർപ്പെടുത്തിയതും തുടരുന്നതുമായ തദ്ദേശ സ്വയം ഭരണ പരിധികൾ ഉൾപ്പെടെ മലപ്പുറം ജില്ലയിൽ താഴെ ചേർത്തിട്ടുള്ള 55 തദ്ദേശ സ്വയം ഭരണ പരിധികളിൽ CrPC 144 വകുപ്പ് പ്രകാരമുള്ള നിരോധനാജ്ഞ 14/05/2021 വരെ നിലനിൽക്കുന്നതാണ്.

| | |
|---|---|
| 1 | അമരമ്പലം |
| 2 | ആതവനാട് |
| 3 | ആലംകോട് |
| 4 | ഇരിമ്പിളിയം |
| 5 | ഉർങ്ങാട്ടിരി |
| 6 | ഊരകം |
| 7 | എ.ആർ നഗർ |
| 8 | എടപ്പാൾ |
| 9 | എടയൂർ |
| 10 | എടരിക്കോട് |
| 11 | എടവണ്ണ |
| 12 | ഒഴൂർ |
| 13 | കണ്ണമംഗലം |
| 14 | കരുളായി |
| 15 | കൽപ്പകഞ്ചേരി |
| 16 | കാലടി |
| 17 | കാവനൂർ |
| 18 | കാളികാവ് |
| 19 | കീഴുപറമ്പ |
| 20 | കുഴിമണ്ണ |
| 21 | കുറ്റിപ്പുറം |
| 22 | കൊണ്ടോട്ടി |

| | |
|---|---|
| | |
| 23 | ചീക്കോട് |
| 24 | ചുങ്കത്തറ |
| 25 | ചെറുകാവ് |
| 26 | ചേലമ്പ്ര |
| 27 | താനാളൂർ |
| 28 | താനൂർ |
| 29 | തിരുനാവായ |
| 30 | തിരൂരങ്ങാടി |
| 31 | തിരുവാലി |
| 32 | തേഞ്ഞിപ്പലം |
| 33 | നന്നമ്പ്ര |
| 34 | പരപ്പനങ്ങാടി |
| 35 | പള്ളിക്കൽ |
| 36 | പുളിക്കൽ |
| 37 | പുറത്തൂർ |
| 38 | പെരുമ്പടപ്പ് |
| 39 | പെരുവള്ളൂർ |
| 40 | പോരൂർ |
| 41 | മക്കരപ്പറമ്പ |
| 42 | മംഗലം |
| 43 | മമ്പാട് |
| 44 | മാറഞ്ചേരി |

| | |
|---|---|
| | |
| 45 | മുതുവല്ലൂർ |
| 46 | മൂത്തേടം |
| 47 | മൂന്നിയൂർ |
| 48 | മൊറയൂർ |
| 49 | വണ്ടൂർ |
| 50 | വളവന്നൂർ |
| 51 | വാഴക്കാട് |
| 52 | വാഴയൂർ |
| 53 | വെട്ടം |
| 54 | വെളിയങ്കോട് |
| 55 | വേങ്ങര |

1. ജില്ലയിൽ ഒരു സ്ഥലത്തും അഞ്ചിലധികം ആളുകൾ കൂട്ടം കൂടി നിൽക്കുവാൻ പാടില്ല.
2. വിവാഹം നടത്തുന്നത് സംബന്ധിച്ച് വിവരങ്ങൾ മുൻകൂട്ടി കോവിഡ് ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതും, അത്തരം ചടങ്ങുകളിൽ കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ട് പരമാവധി 50 പേർ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളു .
3. മരണാനന്തര ചടങ്ങുകൾക്ക് കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ട് പരമാവധി 20 പേർ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളു .
4. മത സ്ഥാപനങ്ങളിൽ പ്രാർത്ഥനകൾ/ മതപരമായ മറ്റ് ചടങ്ങുകൾ എന്നിവയ്ക്ക് സ്ഥാപനത്തിന്റെ വിസ്തീർണ്ണം അനുസരിച്ച് വ്യക്തികൾ തമ്മിൽ 2 മീറ്റർ അകലം പാലിക്കാൻ കഴിയുന്ന വിധം പരമാവധി 50 പേർ മാത്രമേ പങ്കെടുക്കുവാൻ പാടുള്ളു.

ക്രിമിനൽ പ്രൊസീഡ്യർ കോഡ് (CrPC) സെക്ഷൻ 144 പ്രകാരമുള്ള നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ IPC -269, 188, 270, KP Act 120(o) പ്രകാരമുള്ള നടപടികൾ ജില്ലാ പോലിസ് മേധാവി സ്വീകരിക്കേണ്ടതാണ്.

പൊതുജനാരോഗ്യത്തെയും ദുരന്ത നിവാരണത്തെയും കണക്കിലെടുത്ത് മേൽ നിബന്ധനകളിൽ യാതൊരുവിധത്തിലുമുള്ള ഇളവുകളും അനുവദനീയമല്ല. ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനായി എക്സിക്യൂട്ടിവ് മജിസ്ട്രേട്ടുമാരായ തഹസിൽദാർമാർ/ഇൻസിഡന്റ് കമാൻഡർമാർ ശ്രദ്ധിക്കേണ്ടതാണ്. എക്സിക്യൂട്ടിവ്

മജിസ്ട്രേട്ടുമാരുടെ പ്രവർത്തങ്ങളുടെ ഏകോപനം അതത് സബ് ഡിവിഷണൽ മജിസ്ട്രേട്ട്മാരും, എസ്.എച്ച് ഒ മാരുടെ പ്രവർത്തങ്ങളുടെ ഏകോപനം ജില്ലാ പോലിസ് മേധാവിയും നിർവ്വഹിക്കേണ്ടതാണ്.

പോലിസ്/ ബന്ധപ്പെട്ട വകുപ്പുകൾ, ആരോഗ്യം, റവന്യൂ, തദ്ദേശ സ്വയം ഭരണം, തുടങ്ങി കോവിഡ് നിയന്ത്രണ/ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ നിയേഗിക്കപ്പെട്ട അവശ്യ സേവന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഈ ഉത്തരവ് ബാധകമായിരിക്കുന്നതല്ല.

**2021 ഏപ്രിൽ മാസം 30 ന് എന്റെ കൈ മുദ്ര ചാർത്തി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു**

ജില്ലാ മജിസ്ട്രേട്ട് & ജില്ലാ കലക്ടർ/
മലപ്പുറം

1. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി (ആമുഖകത്ത് സഹിതം)
2. ലാൻഡ് റവന്യൂ കമ്മീഷണർ (ആമുഖകത്ത് സഹിതം)
3. കമ്മീഷണർ, ദുരന്ത നിവാരണം (ആമുഖകത്ത് സഹിതം)
4. ജില്ലാ പോലിസ് മേധാവി , മലപ്പുറം,
5. സബ് ഡിവിഷണൽ മജിസ്ട്രേട്ട് - പെരിന്തൽമണ്ണ, തിരുർ
6. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലിസ് (സ്പെഷ്യൽ ബ്രാഞ്ച്)
7. എല്ലാ തഹസിൽദാർ/ഇൻസിഡന്റ് കമാണ്ടർമാർക്കും
8. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
9. എല്ലാ മുനിസിപ്പൽ/പഞ്ചായത്ത് സെക്രട്ടറിമാർക്കും
10. ജില്ലാ ഇൻഫർമേഷൻ ആഫീസർ, മലപ്പുറം